കേരള സർക്കാർ

# കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി8)1400/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :26.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർക്കാട്ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം. കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ

ഓഡിറ്റ്_റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18.1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വ്രഷത്തെ ധനകാര്യപത്രികയുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റ്യാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൻ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിന്നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23,1997 കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>
1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രസഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം
3) കാര്യാലയക്കുറിപ്പ്.

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി8)1400/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :26.09.2017

.

## എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കല്ലൂർക്കാട് ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപ്പഞ്ചായത്ത് 01.04.2016മുതൽ 30.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി ധന്യ ബാലകൃഷ്ണൻ. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ.ഡി. ജിനിൽ റോയ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.കെ.ജലജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈബി. ഇ.ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.വിജു എം.എസ്. , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.07.2017 മുതൽ 11.07.2017വരെ |

### (ബി) നിർവ്വഹണാധികാരികൾ.

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി.ആനീസ് ക്ലീറ്റസ് | 01.04.2016 | 31.03.2017 |
| വൈസ് ചെയർപേഴ്സൺ | ശ്രീ.ജോർജ് ജോൺ | 01.04.2016 | 31.03.2017 |
| ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി.ആശ ജിഫി | 01.04.2016 | 31.03.2017 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീ,ജിജി തോമസ് | 01.04.2016 | 31.03.2017 |

| | | | |
|---|---|---|---|
| വികസനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി.റെജി വിൻസെന്റ് | 01.04.2016 | 31.03.2017 |

## നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി. വി.കെ.വത്സമ്മ | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീല ഗോവിന്ദൻ | 01.04.2016 | 31.03.2017 |
| അസി.എഞ്ചിനീയർ LSGD | ശ്രീ. ബാലകൃഷ്ണൻ.പി.കെ | 01.04.2016 | 16.07.2016 |
| അസി.എഞ്ചിനീയർ LSGD | ശ്രീ.ശരത്ത്.ബി.ജോഷി | 16.07.2016 | 31.03.2017 |
| മെഡിക്കൽആഫീസർ ആയുർവേദം | ഡോ.മിനിമോൾ. കെ.ആർ | 01.04.2016 | 20.08.2016 |
| മെഡിക്കൽആഫീസർ ആയുർവേദം | ഡോ സംഗീത,പി | 20.08.2016 | 31.03.2017 |
| മെഡിക്കൽആഫീസർ പി.എച്ച്.സി | ഡോ.അമർ ലാൽ | 01.04.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്റ്റക്റ്റർ | ശ്രീ.സുജിത്ത് .പി.രാഘവൻ | 01.04.2016 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ.വിക്ടോ ജൂബിൻ വർഗ്ഗീസ് | 01.04.2016 | 31.03.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ,കല്ലൂർക്കാട് | ശ്രീ. മുഹമ്മദ് സാലിഹ് | 01.04.2016 | 31.03.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മഞ്ജൂഷ.പി.കെ | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രാധ.കെ.കെ | 01.04.2016 | 31.03.2017 |
| അസി.സെക്രട്ടറി | ശ്രീ.സി.വി പൗലോസ് | 01.04.2016 | 31.03.2017 |

## ഉള്ളടക്കം


| ക്രമനം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| ഭാഗം 2 | | |
| 13 | ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 14 | വാടക കുടിശ്ശിക ഈടാക്കിയില്ല. -നഷ്ടം. 18360/- | 2-2 |
| ഭാഗം 3 | | |
| 15 | ഐ എ വൈ വീടുകൾക്ക് പഠനമുറി -അസസ്സ്മെന്റിൽ ചേർത്തിട്ടില്ല. | 3-1 |
| 16 | എസ് സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ -50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 17 | കല്ലൂർക്കാട് മാർക്കറ്റിലെ പച്ചക്കറി സ്റ്റാൾ വൈദ്യുതീകരണം - പദ്ധതി പൂർത്തിയായില്ല. | 3-3 |
| 18 | പഞ്ചായത്തിനു പുറത്തുള്ള വ്യക്തിക്ക് ആനുകൂല്യം നൽകി - ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല. | 3-5 |
| 20 | ഭവന പുനരുദ്ധാരണം (ജനറൽ)പദ്ധതി - 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 21 | പാലിയേറ്റീവ് പരിചരണ പദ്ധതി - ആദായനികുതി ഈടാക്കിയില്ല - നഷ്ടം 1606/-രൂപ | 3-7 |
| 22 | വെറ്ററിനറി ഡിസ്പെൻസറി - മരുന്നിന്റെ വിതരണം രേഖപ്പെടുത്തുന്നില്ല | 3-8 |
| 23 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - നിഷ്ക്രിയ ആസ്തി | 3-9 |
| 24 | വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കിയില്ല | 3-10 |
| 25 | പട്ടികജാതി വനിതകൾക്ക് ആടുവിതരണം.കൈപ്പറ്റു രേഖയില്ല | 3-11 |
| 26 | വാർദ്ധ്യകകാല പെൻഷൻ | 3-12 |
| ഭാഗം 4 | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ബാലൻഷീറ്റ് | അനുബന്ധം-2 |

| | | |
|---|---|---|
| 38 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 39 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

. 2016-17വർഷത്തെ ബജറ്റ് 29.02.2016 1- ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക |
|---|---|---|
| വരവ് | 77155636 | 35335483 |
| ചെലവ് | 77929757 | 35261941 |

. ഇ.എം.എസ് മുഖേനയുള്ള MGNREGS, ക്ഷേമപെൻഷനുകൾ എന്നിവയുടെ യഥാക്രമം 1 കോടി രൂപയുടെയും 1.5 കോടി രൂപയുടെയും വരവ് ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇവ ഉൾപ്പെടുത്തിയാലും ബജറ്റിലെയും വാർഷിക കണക്കിലെയും വരവ് ചെലവുകൾ തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 23.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

. ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക 07.07.2017 ൽ പരിശോധിച്ചു.അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടില്ല. (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ ,റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് ,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട് )

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 4446431 |
| വരവ് | 35335483 |
| ആകെ | 39781914 |
| ചെലവ് | 35261941 |
| നീക്കിയിരിപ്പ് | 4519973 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 00 | 5999192 | 5999192 | 5999192 | 0 |
| വികസനഫണ്ട് എസ്.സി.പി | 00 | 1711480 | 1711480 | 1711480 | 0 |
| വികസനഫണ്ട് ടി.എസ്.പി | 00 | 174009 | 174009 | 174009 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 8753262 | 8753262 | 8753262 | 0 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 00 | 2030432 | 2030432 | 2030432 | 0 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2710969 | 2710969 | 2710969 | 0 |
| പെർഫോർമസ് ഗ്രാന്റ്(ലോക ബാങ്ക്) | 00 | 1746154 | 1746154 | 1746154 | 0 |
| എം.എൻ.ആർ .ജി.ഇ.എസ് | 1618 | 10523937 | 10525555 | 10522773 | 2782 |
| ബി ഫണ്ട് | | 15451080 | 15451080 | 15451080 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് | നടപ്പാ ക്കിയത് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 136 | 112 | 2 | 22 | 82.35 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വർഷം | പ്രോജക്ടു കളുടെ എണ്ണം | വകയി രുത്തൽ | ചെലവ് |
|---|---|---|---|---|
| വനിതാ ഘടകപദ്ധതി | 2016-17 | 5 | 1329750 | 895791 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2016-17 | 4 | 910575 | 836166 |
| പാലിയേറ്റിവ് കെയർ | 2016-17 | 1 | 475000 | 475000 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 2016-17 | 2 | 962400 | 585200 |
| ആശ്രയ പദ്ധതി | 2016-17 | 1 | 150000 | 150000 |

.

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം ആകെ തനതു വരുമാനത്തിൽ താഴെപറയും പ്രകാരം 40.11% വർദ്ധനവുണ്ടായി. വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2416151 | 3899146 | 1482995 | (+)61.37 |
| നികുതിയേതര വരവുകൾ | 826663 | 639122 | -187541 | (-)22.68 |
| മറ്റ് വരവുകൾ | 77298 | 113581 | 36283 | (+)46.90 |
| ആകെ | 3320112 | 4651849 | 1331737 | (+)40.11 |

നികുതി വരവുകൾ മുൻ വർഷത്തേക്കാൾ വർദ്ധനവുണ്ട്. എന്നാൽ നികുതിയേതര വരവുകളിൽ കുറവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2016-17 | 199 | 1666400 |
| വിധവാപെൻഷൻ | 2016-17 | 291 | 2733900 |
| വാർദ്ധക്യകാലപെൻഷൻ | 2016-17 | 890 | 9396500 |
| വികലാംഗപെൻഷൻ | 2016-17 | 142 | 1154800 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2016-17 | 46 | 407200 |
| തൊഴിൽ രഹിത വേതനം | 2016-17 | 33 | 62280 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2016-17 | 1 | 30000 |

.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2017തീയതി 3.10 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 23375/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.17, 24.06.17 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.2012മുതൽ 27.11.2012 വരെ | 2007-08മുതൽ 2011-12വരെ | 10.01.2013 |

## 1-11 ആഭ്യന്തര നിയന്ത്രണം.

. രജിസ്റ്ററുകളും വൗച്ചറുകളും നല്ലരീതിയിൽ പരിപാലിച്ചു പോരുന്നു.ഡി & ഒ ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ പൂർണ്ണമായും എഴുതി ചേർക്കുന്നില്ല. ഫ്രണ്ട് ഓഫീസ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.പദ്ധതികൾ വളരെ നല്ല രീതിയിൽ തന്നെ നിർവ്വഹിച്ചിട്ടുണ്ട്. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് പുസ്തകം പരിശോധിച്ചപ്പോൾ ആയതിൽ ആവശ്യമായ രേഖപ്പെടുത്തലുകളെല്ലാംവരുത്തിയിട്ടുണ്ടെങ്കിലും ഇവയൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഇത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തികച്ചും അപര്യാപ്തമാണ്. ലൈബ്രറി നവീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഓഡിറ്റ് ഇംപാക്ട്

1.കേരള പഞ്ചായത്ത് രാജ് ചട്ടം 7 ലെ പട്ടിക 11 പ്രകാരം ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് 25000 രൂപ മുതൽ 50000 വരെയുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 1000/-രൂപ ഈടാക്കേണ്ടിയിരുന്നതിന് പകരം 200 രൂപ മാത്രമായിരുന്നു ഈടാക്കിയിരുന്നത്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് നഷ്ടത്തുകയായ 800 രൂപ ശ്രീമതി.ജെസ്സി മാത്യൂസ്. മാനേജിംങ് പാർട്ട്ണർ,വെമ്പിളി ആയുർവേദ ഹോസ്പിറ്റൽ എന്നയാളുടെ പക്കൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് (രസീത് 117030100611നം. തീയതി 06.07.2017 )

2. കടമുറികളുടെ വസ്തു നികുതി ഈടാക്കുന്നതിലെ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 06.07.2017 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 07.07.2017 ൽ 2096/-രൂപ, 10.07.2017 ൽ 5869/-രൂപ (2636 +3233) എന്നിങ്ങനെ ആകെ 7965/-രൂപ ഈയിനത്തിൽ അടവാക്കി.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ ചുവടെ ചേർക്കുന്ന പ്രകാരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | വാർഡ് കെട്ടിട നം | തരം, ലൈസൻസ് നം | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സോണി ജോസഫ് മാപ്പലകയിൽ. മൈലാങ്കൊമ്പ് | XII 117 | ഹോളോ ബ്രിക്ക്സ് സി5-15-16 തീ.30.04.2016 | 8 |
| സുരേഷ് കുമാർ .റ്റി തോംസൺ ഗ്രാഫൈറ്റ് | III -466 466A | ക്രൂഡ് ഗ്രാഫൈറ്റ്സ് പ്യൂരിഫിക്കേഷൻ | 6 |

. മേൽ വിവരിച്ച സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന്നായി കേരള പഞ്ചായത്ത് രാജ് ആക്ട് 205 b പ്രകാരം ബഹു. സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് നല്കിയ 5൦ നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് 2016-17സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.ഈ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക ഈടാക്കിയില്ല. -നഷ്ടം. 18360/-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വിവിധ വ്യക്തികൾക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. പ്രസ്തുത വ്യക്തികളുമായി പഞ്ചായത്ത് സെക്രട്ടറി 01.04.2016 പ്രാബല്യത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.എന്നാൽ എഗ്രിമെന്റിൽ എഗ്രിമെന്റ് നമ്പർ ചേർത്തിട്ടില്ല. കൂടാതെ താഴെ പറയുന്ന വ്യക്തി വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു.

| പേര്,മേൽവിലാസം | കടമുറി നം | ഈടാക്കേണ്ട വാടക കുടിശ്ശിക തുക | എഗ്രിമെന്റ് തീയതി |
|---|---|---|---|
| പരമേശ്വരൻ കുഞ്ഞൻപിള്ള, പുൽപ്പറമ്പിൽ. | V/55B | 18360 | 01.04.2016 |

18360/- രൂപ വാടക കുടിശ്ശിക ഈടാക്കുവാനുള്ളതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന് ടിയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്. തുടർച്ചയായി വീഴ്ച വരുത്തുന്ന പക്ഷം ടിയാനെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ എ വൈ വീടുകൾക്ക് പഠനമുറി -അസസ്സ്മെന്റിൽ ചേർത്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0134/17 |
| അടങ്കൽ | 5,00,000/-( വികസന ഫണ്ട് ജനറൽ-64,427/-,എസ് സി പി-3,66,540/-,തനത് ഫണ്ട് -69033/-) |
| ചെലവ് | 4,98,990/- |
| ബിൽ നം. | 1. 6/16-17 തീയതി 27.02.2017 തുക 284167/-<br>2. 11/16-17 തീയതി 14.03.2017 തുക 81,363/-<br>3. 17/16-17 തീയതി 30.03.2017 തുക 55256/-<br>4. 18.16/17 തീയതി 30.03.2017 തുക 9171/- |

| | |
|---|---|
| ചെക്ക്നം. | 43005തീയതി 31.03.2017 തുക 1718/-<br>43006തീയതി 31.03.2017തുക36742/-<br>43007തീയതി 31.03.2017തുക30573/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ ഐ എ വൈ ഭവനങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ചതിന് ആറു ഗുണഭോക്താക്കൾക്ക് താഴെപ്പറയും പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര്,വിലാസം | നൽകിയ തുക | കെട്ടിട നമ്പർ |
|---|---|---|
| സാന്ദ്ര ശിവൻ/ശിവൻ കൃഷ്ണൻകുട്ടി,<br>ഈന്തുങ്കൽ,<br>കല്ലൂർക്കാട് | 81,074/- | XI 329 |
| അജിൻ സജി/<br>സജി പി കെ,<br>പാറയ്ക്കൽ,<br>കല്ലൂർക്കാട് | 1,00,000/- | XII 362 |
| ശ്രീലക്ഷ്മി കൃഷ്ണൻ/<br>ഷീജ ടി കെ,<br>ചിറക്കൽ,<br>കല്ലൂർക്കാട് | 77,241/- | II 367 A |
| അമല ജോഷി/<br>ജോഷി അയ്യപ്പൻ,<br>മണപ്പാൽ,<br>തഴുവംകുന്ന് | 78,238/- | III 202 |
| അഞ്ജന എം കെ/<br>കുട്ടൻ,<br>മലയാറ്റിപ്പറമ്പിൽ,<br>തഴുവംകുന്ന് പി ഒ | 81,074/- | V 321 |
| സജിനി സജീവ്/<br>കന്നിക്കുഴിയിൽ,<br>കല്ലൂർക്കാട് | 81,363/- | I 32 A |
| ആകെ | 4,98,990 | |

. എന്നാൽ പഞ്ചായത്തിലെ കെട്ടിട അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങളിൽ ഒന്നും ഇപ്രകാരം നടത്തിയ കൂട്ടിച്ചേർക്കൽ അനുസരിച്ച് അസസ്സ് ചെയ്തതായി കാണുന്നില്ല. ആയതിനാൽ സർക്കാർ മാർഗ്ഗരേഖയ്ക്കനുസൃതമായ അളവിലാണോ മുറി പണിതിരിക്കുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 05.07.2017 ലെ 2൦ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസസ്സ്മെന്റിൽ വിവരങ്ങൾ ചേർക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതു വരെ 4,98,990/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 എസ് സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ -50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ് 113/17 |
| അടങ്കൽ | 2,00,000/-(വികസന ഫണ്ട് -എസ് സി പി) |
| ചെലവ് | 2,00,000/- |
| ബിൽ നം. | 12/16-17 തീയതി 14.03.2017 തുക |

| | |
|---|---|
| | 2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

. പട്ടികജാതിയിൽപ്പെട്ട നിർദ്ധനരായ യുവാക്കൾക്ക് സ്വയം തൊഴിലിനായി സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയിൽ 4 യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 4 ഗുണഭോക്താക്കളിൽ ശ്രീ ബിബിൻ കുമാരൻ, റാത്തപ്പിള്ളിൽ എന്ന വ്യക്തിയുടെ ഫയലിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഇല്ല. ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് 05/2014 ൽ വിദ്യാഭ്യാസാനുകൂല്യത്തിനായി നൽകിയിട്ടുള്ളതാണ്.ഇത് സംബന്ധിച്ച് നൽകിയ 5.07.2017ലെ 3ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് നൽകിയ മറുപടിയിൽ ടിയാന് ലോൺ അനുവദിച്ച് വാഹനം ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ രജിസ്ട്രേഷൻ വൈകിയിട്ടുള്ളതാണെന്നും വരുമാന സർട്ടിഫിക്കറ്റ് സംബന്ധിച്ച അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ രേഖ ലഭ്യമാകുന്നതുവരെ 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടി വ്യക്തി പഞ്ചായത്തുമായി കരാർ ഒപ്പു വച്ചിട്ടില്ല.മറ്റു ഗുണഭോക്താക്കൾ വച്ചിരിക്കുന്ന കരാർ ഭവനപുനരുദ്ധാരണത്തിന്റേതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ തിരുത്തേണ്ടതാണ്.

## 3-3 കല്ലൂർക്കാട് മാർക്കറ്റിലെ പച്ചക്കറി സ്റ്റാൾ വൈദ്യുതീകരണം - പദ്ധതി പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട്നം. | 140/17 |
| അടങ്കൽ | 57,595/-(വികസന ഫണ്ട്- ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 56,230/-/- |
| ബിൽ നം. | 45/16-17 തീയതി 30.03.2017 |

. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ കല്ലൂർക്കാട് മാർക്കറ്റിലെ പച്ചക്കറി സ്റ്റാൾ വൈദ്യുതീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പി ഡബ്ല്യു ഡിയെ ഏൽപ്പിച്ചതനുസരിച്ച് 15.03.2017 ലെ ഇ എൽ -1-307/2017 നം. കത്ത് പ്രകാരം 56,230/- രൂപയുടെ എസ്റ്റിമേറ്റ് പി ഡബ്ല്യു ഡി തയ്യാറാക്കി നൽകി.ഇതനുസരിച്ച് 01.04.2017 ൽ 56,230/- രൂപ കൈമാറിയെങ്കിലും നാളിതു വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വൈദ്യുതി ഇല്ലാത്തതിനാൽ ലേലം കൊള്ളുന്ന വ്യക്തികൾ കച്ചവടം തുടരുന്നതിൽ വിമുഖത കാണിക്കുന്നതായി അധികൃതർ അഭിപ്രായപ്പെടുന്നു. വൈദ്യുതീകരണപദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിനു പുറത്തുള്ള വ്യക്തിക്ക് ആനുകൂല്യം നൽകി - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 138/17 |
| അടങ്കൽ | 24,000/-(വികസന ഫണ്ട്- ടി എസ് പി) |
| ചെലവ് | 16,608/- |
| ബിൽ നം. | 19/16-17 തീയതി 30.03.2017 |

. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ഈ പ്രോജക്ടിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 12 കുടുംബങ്ങൾക്ക് 461/- രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 1845/- രൂപ വില വരുന്ന വാട്ടർ ടാങ്ക് വാങ്ങി നൽകുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി ബീന എ, മുട്ടത്ത് 12/35, ഊഞ്ഞാപ്പാറ എന്ന ഗുണഭോക്താവ് ഹാജരാക്കിയിരിക്കുന്ന റേഷൻ കാർഡ് (കാർഡ് നം.1739068193), ജാതി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ടിയാൾ കീരംപാറ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്. മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ

സ്ഥിരതാമസക്കാരിയായ മേൽ വ്യക്തിക്ക് ഈ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ടിയാൾ കീരംപാറ സ്വദേശിനി ആണെങ്കിലും സർക്കാർ സൌജന്യമായി ഈ പഞ്ചായത്തിൽ നൽകിയ സ്ഥലത്ത് സ്ഥിരമായി താമസിക്കുന്നയാളാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ റവന്യൂ രേഖകൾ കീരംപാറ ഗ്രാമപഞ്ചായത്തിലേതാണ്. റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഈ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്നവ വാങ്ങി ഫയലിൽ ചേർക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിലെ 1,384/-രൂപയുടെ ചെലവ് ( 1845 ൽ നിന്നും 461/-രൂപ ഗുണഭോക്തൃ വിഹിതം കുറവു ചെയ്ത തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S024/17 |
| അടങ്കൽ | 60,000/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ചെലവ് | 60,000/- |
| ബിൽ നം. | 23/16-17 തീയതി 02.03.2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2016-17 വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 02.02.2017 ലെ പി എഫ് 1167 നം ഇൻവോയ്സ് പ്രകാരം 60,000/-രൂപ അക്കൌണ്ട് ട്രാൻസ്ഫർ മുഖേന ആലപ്പുഴയിലെ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഭവന പുനരുദ്ധാരണം (ജനറൽ)പദ്ധതി - 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 02/17 |
| അടങ്കൽ | 902,718/-(വികസന ഫണ്ട്- പൊതു വിഭാഗം) |
| ചെലവ് | 9,00,000/- |

.

| ബിൽ നമ്പർ/തുക | തീയതി |
|---|---|
| 30/16-17, 25,000/- | 30.01.17 |
| 31/16-17, 25,000/- | 30.01.17 |
| 32/16-17, 1,75,000/- | 04.02.17 |
| 38/16-17, 75,000/- | 20.02.17 |
| 39/16-17, 1,25,000/- | 28.02.17 |

| | |
|---|---|
| 40/16-17, 1,25,000/- | 02.03.17 |
| 41/16-17, 75,000/- | 09.03.17 |
| 42/16-17 ,1,00,000/- | 10.03.17 |
| 43/16-17, 50,000/- | 14.03.17 |
| 45/16-17, 1,00,000/- | 21.03.17 |
| 46/16-17 ,50,000/- | 21.03.17 |
| 47/16-17, 45,000/- | 28.03.17 |

. വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ ഭവന പുനരുദ്ധാരണത്തിനായി 36 വ്യക്തികൾക്ക് 25,000/- രൂപ വീതം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന 3 ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം പുതിയ മുറികൾ പണിയുകയാണ് ചെയ്തിട്ടുള്ളത്.

| വാർഡ്/വീട്ടു നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | നൽകിയ തുക |
|---|---|---|
| VI 347 | ചിന്നമ്മ തോമസ്<br>വട്ടക്കുഴിയിൽ<br>തഴവംകുന്ന് പി ഒ | 25,000/- |
| XII 424 | തോമസ് ഭാര്യ മേരി<br>മഠത്തിപ്പറമ്പിൽ<br>കല്ലൂർക്കാട് പി ഒ | 25,000/- |
| XII 471 | വൽസ സലീം<br>മുള്ളൻകുഴിയിൽ<br>കല്ലൂർക്കാട് പി ഒ | 25,000/- |

. ഭവന പുനരുദ്ധാരണ പദ്ധതിയിൽ നിലവിലുള്ള വീടുകൾക്ക് അനിവാര്യമായ അറ്റകുറ്റപ്പണിക്ക് സാമ്പത്തിക സഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ വീടിന്റെ ഘടനയിൽ മാറ്റം വരുന്നില്ല. ശ്രീമതി മേരി തോമസ് മഠത്തിപ്പറമ്പിൽ എന്നയാളുടെ വീടിന് 1.62m3, ശ്രീമതി വൽസ സലീം മുള്ളൻകുഴിയിൽ എന്ന ഗുണഭോക്താവിന്റെ വീടിന് 5.02m3 എന്നിങ്ങനെ മണ്ണ് കുഴിച്ചെടുത്ത് നീക്കം ചെയ്ത് കരിങ്കൽ കെട്ടി, ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുൾപ്പെടുന്ന എസ്റ്റിമേറ്റാണ് ഫയലിൽ ചേർത്തിരിക്കുന്നത്. ശ്രീമതി ചിന്നമ്മ തോമസ് വട്ടക്കുഴിയിൽ എന്നയാളുടെ വീടിന് 2.01m3 കരിങ്കൽ കെട്ടി ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുൾപ്പെടെ റൂഫിംഗ് വരെയുള്ള പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. എസ്ററിമേറ്റുകളിൽ നിന്നും ടി പ്രവൃത്തികളെല്ലാം വീടിന്റെ ചുറ്റളവുൾപ്പെടെ ഘടനയിൽ മാറ്റം വരുത്തുന്ന പ്രവൃത്തികളാണെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ 10.07.2017ലെ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നവ കൂടാതെ മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നാണ്. നിലവിലുള്ള വീടുകളുടെ അനിവാര്യമായ അറ്റകുറ്റപ്പണി ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച്, പുതിയ നിർമ്മാണത്തിന് ധനസഹായം നൽകുന്ന പ്രവണത ആശാസ്യമല്ല. പുതിയ നിർമ്മാണത്തിനനുസൃതമായി കെട്ടിടത്തിന്റെ അസസ്സ്മെന്റിൽ മാറ്റം വരുത്തിയിട്ടില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് പരിചരണ പദ്ധതി - ആദായനികുതി ഈടാക്കിയില്ല -

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണ പദ്ധതി |
| പ്രോജക്ട് നം. | S0026/17 |
| അടങ്കൽ | 4,75,000/-(വികസന ഫണ്ട്) |
| ചെലവ് | 4,75,000/-വാഹന വാടക |

.

| ബിൽ നമ്പർ/തീയതി | തുക | വാഹന വാടക |
|---|---|---|
| 1/16-17, 20.10.16 | 1,35,506/- | 68,200/- |
| 3/16-17, 28.10.16 | 26,900/- | 13,200/- |
| 4/16-17, 15.11.16 | 29,530/- | 14,300/- |
| 5/16-17, 20.12.16 | 27,190/- | 14,300/- |
| 6/16-17, 25.01.17 | 30,450/- | 16,500/- |
| 7/16-17, 17.02.17 | 29,507/- | 15,400/- |
| 8/16-17, 10.03.17 | 41,008/- | 16,500/- |
| 10/16-17, 28.03.17 | 1,54,909/- | 16,500/- |
| ആകെ | 4,75,000/- | 1,60,600/- |

മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

2016-17 വർഷം പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വാഹനം വാടകക്ക് എടുത്തിരിക്കുന്നത് ശ്രീ.ജോസ് മാത്യു നെടുങ്കല്ലേൽ എന്നയാളാണ്.വാഹനനമ്പർ കെ എൽ 17എം 72 .

ആദായ നികുതി ആക്ട് സെക്ഷൻ 194 സി അനുസരിച്ച് പ്രതി വർഷം 75,000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും 1% IT സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഈയിനത്തിൽ നൽകിയ 1,60,600/- രൂപയിൽ നിന്നും 1,606/-രൂപ ആദായ നികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

2.വാഹന ഉടമയുമായി കരാർ ഒപ്പു വച്ചിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകക്ക് എടുക്കുമ്പോൾ വ്യവസ്ഥകൾ പൂർണ്ണമായി ഉൾപ്പെടുത്തി വാഹന ഉടമയുമായി കരാർ ഒപ്പു വയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ലഭ്യമല്ല. പകരം ക്യാഷ് വൌച്ചറാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.ആയതിനാൽ വാഹനം ഓടിയതിന്റെ ദൂരം കൃത്യമാണോയെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ട്രിപ്പ് ഷീറ്റ് കർശ്ശനമായും സൂക്ഷിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾഒഴിവാക്കേണ്ടതാണ്.

## 3-8 വെറ്റിനറി ഡിസ്പെൻസറി - മരുന്നിന്റെ വിതരണം രേഖപ്പെടുത്തുന്നില്ല

വെറ്റിനറി സർജൻ നടപ്പാക്കിയ S0008/17 പ്രോജക്റ്റ് പ്രകാരം വെറ്റിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ തൊടുപുഴ ഡ്രഗ്സ് ഹൌസിന് 46,980/- രൂപയും, മെഡികെയർ ഫാർമസ്യൂട്ടിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സിന് 48,020/-രൂപയും ഉൾപ്പെടെ 95,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 12/2016 ൽ ലഭിച്ച മരുന്നുകളുടെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടുണ്ട്. എന്നാൽ വിതരണം നടത്തിയതിന്റെ രേഖയില്ല. യഥാർത്ഥത്തിൽ മരുന്നുകൾ ആവശ്യം പരിഗണിച്ച് വാങ്ങുകയും അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയുമാണ് ചെയ്യേണ്ടത്. അങ്ങനെ ചെയ്യാത്തത് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-9 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - നിഷ്ക്രിയ ആസ്തി

പഞ്ചായത്ത് മുതൽ മുടക്കി ആരംഭിച്ച പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഇപ്പോൾ പ്രവർത്തന രഹിതമാണ്. വൈദ്യുതബിൽ മുടങ്ങാതെ അടയ്ക്കേണ്ടി വരുന്നതിനാൽ ഈയിനത്തിൽ തൻ വർഷം 7925/- രൂപ ചെലവായിട്ടുണ്ട്. ശരിയായ വീക്ഷണത്തോടെ പ്രവർത്തിച്ചാൽ ഈ പ്രദേശത്തെ പ്ലാസ്റ്റിക് മാലിന്യം ഒരു പരിധി വരെ ഒഴിവാക്കാനും അവ ഉപയോഗപ്രദമാക്കാനും കഴിയുന്ന ഈ യൂണിറ്റിന്റെ പ്രവർത്തനം എത്രയും വേഗം പുനരുജ്ജീവിപ്പിച്ച് പഞ്ചായത്തിന്റെ ഒരു വരുമാന സ്രോതസ്സാക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വക്കീൽ ഫീസ് - ആദായ നികുതി ഈടാക്കിയില്ല

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ബഹു. ഹൈക്കോടതി, മൂവാറ്റുപുഴ സബ് കോടതി, അഡീഷണൽ ഡിസ്ട്രിക്ട് കോടതി, ട്രാൻസ്പോർട്ട് ട്രൈബ്യൂണൽ എന്നീ കോടതികളിലെ 9 കേസുകളിൽ വാദം നടത്തിയതിനായി അഡ്വ. പോൾ കെ. വറുഗീസിന് 90,000/- രൂപ ചെക് നം. 42534/തി. 07.07.2016 (വൌച്ചർ 21600237/7.7.16) പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇദ്ദേഹത്തിൽ നിന്നും ഇളവ് പരിധിയായ 30,000/- രൂപ കിഴിച്ച് 60,000/- രൂപയ്ക്ക് 10% നിരക്കിൽ 6000/- ആദായനികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈയിനത്തിൽ തുകയൊന്നും ഈടാക്കിയില്ല. ഇതുമൂലം കേന്ദ്ര സർക്കാറിനുണ്ടായ നഷ്ടം 6000/- തുക ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്. കേസ്സുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1.WP(C) No.10033/2016 തുക 15,000/-
2.WP(C) No.3736/2016 തുക 15,000/-
3.WP(C) No.13015/2016 തുക 15,000/-
4.WP(C) No.22526/2015 തുക 15,000/-
5.WP(C) No.89083/2015 തുക 15,000/-
6. EP 48/2015 before the Sub Court,Muvattupuzha തുക 15,000/-
7. AS No. 188/2015 before the Additional District Court, Muvattupuzha തുക 15,000/-
8. WP(C) No.20796/2015 തുക 15,000/-
9. MV RP No. 175/2016 തുക 15,000/-

ആകെ 135000/- ഇതിൽ 45000/- ക്ലറിക്കൽ വർക്കിനുള്ള തുക കിഴിച്ച്
90,000/- വക്കീൽ ഫീസ്/-

## 3-11 പട്ടികജാതി വനിതകൾക്ക് ആട്ടുവിതരണം.കൈപ്പറ്റ് രേഖയില്ല

| | |
|---|---|
| പ്രോജക്ട് നം | S0010/17 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |
| അടങ്കൽ | 6,24,000/-(3,90,000/- വി. ഫണ്ട്, 2,34,000/-ഗുണ. വിഹിതം) |
| ചെലവ് | 3,30,000/-രൂപ |

മേൽ പദ്ധതി പ്രകാരം 22 വനിതകൾക്ക് ആടിനെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ആട്ടുകളെ നൽകിയവർക്ക് തുക നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ ചെലവ് തുക രൂ. 3,30,000/- തടസ്സപ്പെടുത്തുന്നു. തുക അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ട്രഷറി / ബാങ്ക് സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 വാർദ്ധക്യകാല പെൻഷൻ

. 2016-17 വർഷം വാർദ്ധക്യകാല പെൻഷന് അപേക്ഷ സമർപ്പിച്ച താഴെപ്പറയുന്ന വ്യക്തികൾക്ക് പെൻഷൻ അനുവദിച്ചതിൽ ചില ന്യൂനതകൾ കാണുന്നു. മക്കൾക്ക് വിദേശത്ത് ജോലിയുണ്ടെങ്കിലും സാമ്പത്തികമുണ്ടെങ്കിലും ഹാജരാക്കിയിരിക്കുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കാം എന്ന് വി ഇ ഒ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ അനുവദിച്ചിരിക്കുന്നത്. അതിനാൽ ഇവരുടെ വരുമാന സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് പെൻഷൻ അനുവദിച്ചത് പുന:പരിശോധിക്കേണ്ടതാണ്.
വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1.പെൻഷണർ നം.107080201201 ആൻസി ജോസ്, തെക്കേക്കര, വഴിയാംചിറ,കല്ലൂർക്കാട്

(റേഷൻ കാർഡ് നം.1740089101)

2.പെൻഷണർ നം.107080201202ജോസ് ഫ്രാൻസിസ്,തെക്കേക്കര, കല്ലൂർക്കാട്

(റേഷൻ കാർഡ് നം.1740089101)

3. പെൻഷണർ നം.107080201203 ആനി ആൻഡ്രൂസ്, തെക്കേടത്ത്, തഴവംകുന്ന് പി ഒ, കല്ലൂർക്കാട് (റേഷൻ കാർഡ് 1740054297)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 29075 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 29075 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | മലയാറ്റി കോളനി റോഡ് | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ആശ്രയ തണ്ടേൽ റോഡ് | 150000 |
| ജില്ലാപഞ്ചായത്ത് | 135000 | നെൽകൃഷി വികസനം | 135000 |
| ജില്ലാപഞ്ചായത്ത് | 37500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 37500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | മുൻകൂർ നൽകിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| എസ് 140/2016-17 | മാർക്കറ്റ്പച്ചക്കറി വൈദ്യുതികരണം | 56320 | പി.ഡബ്ളിയു.ഡി. ഇലക്ടിക്കൽ വിംങ് |
| എസ് 167/2016-17 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 25000 | വാട്ടർ അതോറിറ്റി |
| | ആകെ | 81230 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

. ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ (2016-17)

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3(3) 2015-16 | 3750 | സ്റ്റീൽ പവർ സിസ്റ്റം | 41600288, 31.03.2017 |
| 2015-16 | 3(5) | 600 | ബേബി പോൾ, അസി.സെക്രട്ടറി | 116003102643, 14.03.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | ഇല്ല | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | 2016-17 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35335483.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35261941.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 880374 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,98,990/- | അസിസ്റ്റന്റ് സെക്രട്ടറി. സി.വി. പൌലോസ്. |
| 3-2 | 50,000/- | അസിസ്റ്റന്റ് സെക്രട്ടറി. സി.വി. പൌലോസ്. |
| 3-4 | 1384/- | അസിസ്റ്റന്റ് സെക്രട്ടറി. സി.വി. പൌലോസ്. |
| 3-11 | 330000/- | ഡോ.വിക്ടോ ജൂബിൻ വർഗ്ഗീസ്, വെറ്ററിനറി സർജൻ |
| ആകെ | 880374- | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-7 | 1606/- | ശ്രീമതി വൽസമ്മ വി കെ സെക്രട്ടറി |
| 3-10 | 6000/- | ശ്രീമതി വൽസമ്മ വി കെ സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വി.കെ. വത്സമ്മ സെക്രട്ടറി | സെക്രട്ടറി,കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | നടക്കനാൽ വീട് മുളപ്പുറം.പി ഒ കരിമണ്ണൂർ |
| ശ്രീ സി.വി പൌലോസ്. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | ചോളക്കാട്ട് വീട്,സൌത്ത് മാറാടി.പി.ഒ മൂവാറ്റുപുഴ |
| ഡോ. അമർലാൽ.കെ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.കല്ലൂർക്കാട് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.കല്ലൂർക്കാട് | കൊമ്പനാൽഹൌസ് മൂവാറ്റുപുഴ.പി.ഒ കിഴക്കേക്കര |
| ഡോ. വിക്ടോ.ജൂബിൻ വർഗ്ഗീസ് ,വെറ്ററിനറി സർജൻ | വെറ്റനറി സർജൻ | കദളിക്കാട്ടിൽ, സൗത്ത് മാറാടി പി.ഒ, മൂവാറ്റുപുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് .ഇ (പി 5)769/07 തീ 13.08.2009 |
| 1997-98 | എൽ എഫ് .ഇ (പി 5)84/03തീ 05.11.2003 |
| 1998-99 | എൽ എഫ് .ഇ (പി 5)379/07 തീ26.04.2008 |
| 1999-2000 | എൽ എഫ് .ഇ (പി 5)856/01 തീ 07.06.2002 |
| 2000-01 | എൽ എഫ് .ഇ (പി 5)962/05 തീ05.04.2006 |
| 2001-02 | എൽ എഫ് .ഇ (പി 5)1380/07 തീ26.07.2008 |
| 2002-2003 | എൽ എഫ് .ഇ (പി 5)742/10 തീ14.07.2011 |
| 2003-2004- | എൽ എഫ് .ഇ (പി 5)742/10 തീ14.07.2011 |
| 2004-05 | എൽ എഫ് .ഇ (പി 5)744/10 തീ14.07.2011 |
| 2005-2006 | എൽ എഫ് .ഇ (പി 5)32/12തീ07.12.2012 |
| 2006-2007 | എൽ എഫ് .ഇ (പി 5)33/12 തീ07.02.2012 |
| 2007-2008 | എൽ എഫ് .ഇ (പി 5)1628/08 തീ 12.08.2009 |
| 2008-2009 | എൽ എഫ് .ഇ (പി 5)34/12 തീ 07.02.2012 |
| 2009-2010 | എൽ എഫ് .ഇ (പി 5)1065/13 തീ 27.07.2013 |
| 2010-2011 | എൽ.എഫ്.ഇ (പി8)17/1944/13 തീ 07.12.2013 |
| 2011-12 | എൽ.എഫ്.ഇ (പി8)17/1944/13 തീ 07.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി8)508/15 തീ 01.06.2015 |
| 2013-14 | എൽ.എഫ്.ഇ (പി8)508/15 തീ 01.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി8)1261/16 തീ.03.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി8)1400/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

സിവിൽ സ്റ്റേഷൻ,കാക്കനാട് – 682030

ഫോൺ : 0484 – 2422271

email: doekm.ksad@kerala.gov.in

തീയതി :26.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

APPENDIX – I

AUDIT CERTIFICATE – 2016-17

No.KSA-EKM(P8) 1400/2017

Kerala State Audit Department

District Audit Office, Ernakulam

Civil Station, Kakkanad – 682030

Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 26.9.2017

Certified that I have audited the Annual Financial Statement of Kalloorkad Grama Panchayat in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Kalloorkad Grama Panchayat for the year 2016-17 properly presents the picture of income and expenditure.

.

Deputy Director